"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - മിഷൻ ശക്തിയിൽ പൽന സ്കീമിന്റെ ഭാഗമായി അങ്കണവാടി കം ക്രഷ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.345/2024/WCDD തീയതി,തിരുവനന്തപുരം, 31-08-2024

---

| | | |
|---|---|---|
| പരാമർശം:- | 1 | 2022 ഒക്ടോബർ, നവംബർ മാസം കേന്ദ്ര വനിത ശിശു വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രോഗ്രാം അപ്രൂവൽ ബോർഡിന്റെ യോഗതീരുമാനം . |
| | 2 | കേന്ദ്ര വനിത ശിശു വികസന വകുപ്പിന്റെ 22.08.2023 ലെ എംഎസ്/3/2023 മിഷൻശക്തി (105295) നമ്പർ കത്ത് |
| | 3 | കേന്ദ്ര വനിത ശിശു വികസന വകുപ്പിന്റെ 10.08.2023 ലെ പൽന-05/4/2023-പൽന നമ്പർ കത്ത്. |
| | 4 | വനിത ശിശു വികസന ഡയറക്ടറുടെ 02.09.2023 ലെ DWCD/6/2023-ICDSB7 നമ്പർ കത്ത്. |
| | 5 | 18-05-2024 ലെ സ.ഉ (സാധാ)നം.169/2024/WCDD നമ്പർ ഉത്തരവ് . |

**<u>ഉത്തരവ്</u>**

നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന എന്ന കംപോണന്റിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനായി പരാമർശം (1) ലെ യോഗത്തിൽ കേന്ദ്രവനിത ശിശു വികസന മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തോടെ എല്ലാ സ്റ്റാൻഡ് എലോൺ ക്രഷുകളും നിർത്തലാക്കുവാനോ, സ്റ്റാൻഡ് എലോൺ ക്രഷുകളെ അങ്കണവാടി കം ക്രഷുകളാക്കി പരിവർത്തനം ചെയ്യുവാനോ പരാമർശം (2) ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

2) അങ്കണവാടി കം ക്രഷുകൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു അങ്കണവാടി കം ക്രഷ് യൂണിറ്റിനു ഒരു വർഷത്തേക്ക് അനുവദനീയമായ ഗ്രാന്റ് 3,35,600 രൂപയാണെന്നും, ആയതിന്റെ ഇനംതിരിച്ചുള്ള വിവരവും പരാമർശം (3) പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. പദ്ധതി 60:40 അനുപാതത്തിലാണ് നടപ്പിലാക്കേണ്ടത്. പരാമർശം (2), (3) കത്തുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടി കം ക്രഷ് പദ്ധതിയിലേയ്ക്ക് ആവശ്യമായ മനുഷ്യവിഭവ ശേഷി, സാധന സാമഗ്രികൾ സജ്ജീകരിക്കുന്നതിനു അനുമതി തേടിയും (വിശദവിവരം പട്ടികയായി ചുവടെ ചേർക്കുന്നു), കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുടർ നിർദ്ദേശങ്ങൾ, SOP എന്നിവയ്ക്ക് വിധേയമായി അങ്കണവാടി കം ക്രഷ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു അടിയന്തരമായി അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പ്

ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

അങ്കണവാടി കം ക്രഷ് പദ്ധതിയിലേയ്ക്ക് ആവശ്യമായ മനുഷ്യവിഭവ ശേഷി, സാധന സാമഗ്രികൾ എന്നിവ സജ്ജീകരിക്കുന്നതിനായി അവലംബിക്കാവുന്ന മാർഗ വിവരം.

| SL.No. | Particulars | Methodology - Suggestion |
|---|---|---|
| 1 | Recruitment of Creche Worker and Creche Helpers | Selection may be done through interview from the applicants of the LSG Wards concerned where the creches are located.<br>Interview Board Members may include:-<br>1) DWCDO (Chairperson) concerned<br>2) CDPO concerned<br>3) President of LSGIs concerned |
| 2 | Purchase of Medicine Kit | Through Karunya /KMSCL/Following store purchase rule |
| 3 | Pre School Kit | Through Empaneled Agency / following Store Purchase Rule |
| 4 | Establishment Works | Through Empaneled Agency / Accredited Agency |

3) 2023-24 സാമ്പത്തിക വർഷം അങ്കണവാടി കം ക്രഷ് പദ്ധതി ഇനത്തിൽ സംസ്ഥാനത്തിനു അനുവദിച്ചു നൽകിയ കേന്ദ്ര വിഹിതത്തിനു ആനുപാതിക സംസ്ഥാന വിഹിതം അനുവദിച്ച് പരാമർശം (5) ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട എസ്എൻഎ അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് വിനിയോഗിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

4) മേൽ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ, കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുടർ നിർദ്ദേശങ്ങൾ, SOP എന്നിവയ്ക്ക് വിധേയമായി അങ്കണവാടി കം ക്രഷ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു അടിയന്തിരമായി അനുമതി നൽകണമെന്നും, അങ്കണവാടി കം ക്രഷ് പദ്ധതിയിലേയ്ക്ക് ആവശ്യമായ മനുഷ്യവിഭവ ശേഷി, സാധന സാമഗ്രികൾ എന്നിവ സജ്ജീകരിക്കുന്നതും സംബന്ധിച്ചുള്ള വനിത ശിശു വികസന ഡയറക്ടറുടെ ആവശ്യം സർക്കാർ പരിശോധിച്ചു. ആയതിനടിസ്ഥാനത്തിൽ നിലവിൽ വകുപ്പിന് കീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം, പർച്ചേസ്, വർക്കുകൾ എന്നിവയുടെ കാര്യത്തിൽ അവയുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പു വരുത്തണം എന്നീ കർശന വ്യവസ്ഥകളോടെ സംസ്ഥാനത്ത് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ, എ&ഇ), കേരളം
3) ധനകാര്യ വകുപ്പ്
4) വെബ് & ന്യൂമീഡിയ

5) സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
Date: 31-08-2024 14:36:31

സെക്ഷൻ ഓഫീസർ